"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- ഗ്രാമ വികസന കമ്മീഷണറേറ്റിലേക്ക് ഒരു ഇന്നോവ ക്രിസ്റ്റ കാർ വാങ്ങുന്നതിന് അനുമതി പുതുക്കി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ(ഇആർഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.1597/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 04/09/2020

**പരാമർശം:-** 1 സ.ഉ.(കൈ) നം.37/2020/തസ്വഭവ, തിയതി 17.02.2020.

2 02.06.2020--ലെ ഗ്രാമ വികസന കമ്മീഷണറുടെ 72/ഫിൻ3/2020/സിആർഡി നമ്പർ കത്ത്.

**ഉത്തരവ്**

ഗ്രാമ വികസന കമ്മീഷണറേറ്റിലേയ്ക്ക് ഒരു ഇന്നോവ ക്രിസ്റ്റാ കാർ വാങ്ങുന്നതിന് വ്യവസ്ഥകൾക്ക് വിധേയമായി അനുമതി നൽകിക്കൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. വാഹനം വാങ്ങുന്നതിന് 2019-20 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന 10 ലക്ഷം രൂപ സാമ്പത്തിക വർഷം അവസാനിച്ചതിനാൽ സർക്കാരിലേക്ക് സറണ്ടർ ചെയ്തിട്ടുണ്ടെന്നും 2020-21 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ വാഹനം വാങ്ങുന്നതിന് തുക അനുവദിച്ചിട്ടില്ലാത്തതിനാൽ 17,54,498/- രൂപ (പതിനേഴ് ലക്ഷത്തി അൻപതിനാലായിരത്തി നാനൂറ്റി തൊണ്ണൂറ്റിയെട്ട് രൂപ) മാത്രം 2515-00-001-44-21-1 എന്ന ശീർഷകത്തിൽ അഡീഷണൽ ഓതറൈസേഷനിലൂടെ ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കണമെന്നും ഗ്രാമ വികസന കമ്മീഷണർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഗ്രാമ വികസന കമ്മീഷണറേറ്റിലേക്ക് ഒരു ഇന്നോവ ക്രിസ്റ്റ കാർ വാങ്ങുന്നതിന് 17,54,498/- രൂപ (പതിനേഴ് ലക്ഷത്തി അൻപതിനാലായിരത്തി നാനൂറ്റി തൊണ്ണൂറ്റിയെട്ട് രൂപ) മാത്രം നടപ്പ് സാമ്പത്തികവർഷം 2515-00-001-44-21-1 (P) എന്ന ശീർഷകത്തിൽ നിന്ന് അനുവദിച്ചുകൊണ്ട് പുതുക്കിയ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ആർ .എസ് .കണ്ണൻ**

**സ്പെഷ്യൽ സെക്രട്ടറി**

പകർപ്പ് :

ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ.ഇ.) കേരള, തിരുവനന്തപുരം/തൃശ്ശൂർ.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാർ , വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി.)

ധനകാര്യ വകുപ്പ് (ഫയൽ നം. DEV3/201/2019-FIN, തിയതി, 04.08.2020 പ്രകാരം)
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ. പ്രകാരം

സെക്ഷൻ ഓഫീസർ